**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 584** **28-06-2022 - ൽ മറുപടിയ്ക്ക്**

**ഇടത്തരം, ചെറുകിട, സൂക്ഷ്മ സംരംഭങ്ങൾ സ്ഥാപിക്കാൻ വഴിയൊരുക്കുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. എം.വിജിൻ,<br>ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഗ്രാമ പ്രദേശങ്ങളിലും വ്യവസായ വികസനം എത്തിക്കുന്ന രീതിയിൽ ഒരു വർഷത്തിനുള്ളിൽ ഒരു ലക്ഷം ഇടത്തരം, ചെറുകിട, സൂക്ഷ്മ സംരംഭങ്ങൾ സ്ഥാപിക്കാൻ വഴിയൊരുക്കുന്ന പദ്ധതി ദുർബല ജനവിഭാഗങ്ങളിൽപ്പെട്ട അഭ്യസ്തവിദ്യരെ ആകർഷിച്ച് സുസ്ഥിര വികസനം ഉറപ്പാക്കുന്ന രീതിയിലാണോ ആവിഷ്കരിച്ചിരിക്കുന്നത്; | (എ) | 2022-23 സാമ്പത്തിക വർഷം സംരംഭക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായാണ് ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്ന പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനായി തദ്ദേശ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ യോഗ്യതയുള്ള ഇന്റേണുകളെ നിയമിച്ച് ദുർബല വിഭാഗങ്ങൾ ഉൾപ്പടെയുള്ളവരെ സംരംഭകത്വത്തിലേക്ക് ആകർഷിക്കുന്നതിനായി പൊതുബോധവത്കരണ പരിപാടികൾ നടത്തി വരുന്നു. ഇത് കൂടാതെ വിവിധ ദുർബല വിഭാഗങ്ങൾക്കായി വ്യവസായ വകുപ്പ്, പട്ടികജാതി വികസന വകുപ്പ്, ഫിഷറീസ് വകുപ്പ്, കുടുംബശ്രീ, കേരള പിന്നാക്ക വികസന കോർപ്പറേഷൻ, കേരള ന്യൂനപക്ഷ വികസന കോർപ്പറേഷൻ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, വനിതാ വികസന കോർപ്പറേഷൻ മുതലായവർ നടപ്പിലാക്കി വരുന്ന സംരംഭകത്വത്തിനായുള്ള പദ്ധതികൾ കണ്ടെത്തി അവയ്ക്കായി അപേക്ഷിക്കുന്നതിനും ഇന്റേണിന്റെ സഹായം ലഭ്യമായിരിക്കുന്നതാണ്. കൂടാതെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്ത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽ നിന്നും 3 വർഷത്തേക്ക് ഒഴിവാക്കികൊണ്ടുള്ള MSME ഫെസിലിറ്റേഷൻ ആക്ട് നിലവിലുണ്ട്. സ്വയം സാക്ഷ്യപ്പെടുത്തൽ വഴി ലഭിക്കുന്ന അക്നോളെഡ്ജ്മെന്റ് സർട്ടിഫിക്കറ്റ് കരസ്ഥമാക്കിക്കൊണ്ട് മേൽ പറഞ്ഞ വിഭാഗത്തിൽപ്പെട്ട സംരംഭകർക്ക് സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്. ഈ നിയമത്തിൽ റെഡ് കാറ്റഗറിയിൽപ്പെട്ട സംരംഭങ്ങളെ ഒഴിവാക്കുക വഴി പരിസ്ഥിതിയെ സംരക്ഷിച്ചു കൊണ്ടുള്ള |

| | | | |
|---|---|---|---|
| | | | സംരംഭങ്ങളുടെ പ്രോത്സാഹനമാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. |
| (ബി) | പ്രാദേശികമായി സാധ്യതയുള്ള വ്യവസായങ്ങൾ സംബന്ധിച്ച് സംരംഭകർക്ക് അവബോധമുണ്ടാക്കുന്നതിനുള്ള പ്രചരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ; | (ബി) | പ്രാദേശികമായി ആരംഭിക്കാൻ സാധ്യതയുള്ള വിവിധ സംരംഭങ്ങളെ കുറിച്ചുള്ള അവബോധം നൽകുന്നതിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിയമിച്ചിട്ടുള്ള ഇന്റേണിന്റെ നേതൃത്വത്തിൽ പൊതുബോധവത്കരണ പരിപാടി സംഘടിപ്പിച്ചു വരുന്നു. അതോടൊപ്പം ജില്ലാ വ്യവസായ പ്രൊഫൈൽ ഉൾപ്പെടുത്തിയിട്ടുള്ള ഒരു കൈപുസ്തകം വിതരണം ചെയ്യുന്നതാണ്. ഇതിന് പുറമേ ഓരോ തദ്ദേശ സ്വയം  ഭരണ സ്ഥാപനത്തിലും ലാഭകരമായി ഉത്പാദന വിതരണം ചെയ്യാൻ സാധിക്കുന്ന ഒരു ഉല്പ്പന്നത്തെ വൺ ലോക്കൽ ബോഡി വൺ പ്രോഡക്റ്റ് ആയി നിശ്ചയിച്ച് പ്രോൽസാഹിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് നടത്തി വരുന്നുണ്ട്. |
| (സി) | ഈ പദ്ധതി പ്രവൃത്തി പഥത്തിലെത്തിക്കുന്നതിനായി വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുന്നതിനും സാമ്പത്തിക പിന്തുണയ്ക്ക് കേരള ബാങ്ക്, നബാർഡ് ഉൾപ്പെടെയുള്ള ധനകാര്യസ്ഥാപനങ്ങളുടെ പിന്തുണ ഉറപ്പാക്കുന്നതിനും നടപടിയെടുത്തിട്ടുണ്ടോ? | (സി) | ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ പ്രാഥമിക പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കേരളാ ബാങ്ക്, മറ്റു സഹകരണ ബാങ്കുകൾ, സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി എന്നിവരുമായി ചർച്ചകൾ നടത്തുകയും ആവശ്യമായ സഹായം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിക്കായി കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്നതിനുള്ള പദ്ധതി കേരളാ ബാങ്കും അതുപോലെ സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയും സന്നദ്ധത അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ